# പൂക്കാലം

കുഞ്ഞിക്കുയിലേ കുഞ്ഞിക്കുയിലേ
കുഴലുംകൊണ്ടു പറന്നു വരൂ
കാവുകൾ തോറും പീലികുടഞ്ഞു
കണ്ണുകൾ കവരും പൂക്കാലം



നീലക്കുരുവീ നീലക്കുരുവീ
ചേലിൽ നർത്തനമാടി വരൂ.
കാവുകൾ തോറും പൂക്കണിവെച്ചു
കണ്ണുകൾ കവരും പൂക്കാലം



പച്ചത്തത്തേ പാടംതത്തേ
കൊച്ചടിവെച്ചു നടന്നു വരൂ.
വള്ളികൾതോറും തോരണമിട്ടു
ഉള്ളംകവരും പൂക്കാലം

*സിപ്പി പള്ളിപ്പുറം*